**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 403** **23-08-2022 - ൽ മറുപടിയ്ക്ക്**

**ലഹരി മരുന്നു വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ലഹരി മരുന്നു വിൽപ്പനയുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ നാളിതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; അറിയിക്കാമോ; | (എ) | 2016 ജൂൺ 1 മുതൽ നാളിതുവരെ ലഹരി മരുന്നു വിൽപ്പനയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 30869 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 29208 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 16980 കേസുകളിൽ പ്രതികളെ വിവിധ കോടതി ശിക്ഷിച്ചിട്ടുണ്ട്. |
| (ബി) | എത്ര കേസുകളിൽ തെളിവില്ല എന്ന് കണ്ടെത്തി പ്രതികളെ വിട്ടയച്ചിട്ടുണ്ട്; പ്രായപൂർത്തിയാകാത്തവർ ലഹരി മരുന്നു വിൽപ്പനയ്ക്ക് പിടിക്കപ്പെട്ട എത്ര കേസുകൾ ഉണ്ട്; ഇത്തരക്കാർക്ക് എന്ത് ശിക്ഷാനടപടിയാണ് നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 1078 കേസുകളിൽ തെളിവില്ലായെന്ന് കണ്ടെത്തി പ്രതികളെ വിട്ടയച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രായപൂർത്തിയാകാത്തവർ ലഹരി മരുന്നു വില്പനയ്ക്ക് പിടിക്കപ്പെട്ടതായ 215 കേസുകളുണ്ട്. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശ പ്രകാരം കേസുകളിൽ ഉൾപ്പെടുന്ന പ്രായപൂർത്തിയാകാത്തവർക്ക് എക്സൈസ് വകുപ്പ് കൗൺസിലിംഗ് നൽകി വരുന്നു. കൂടാതെ ജുവനൈൽ ജസ്റ്റിസ് ബോർഡ് കേസിൽ ഉൾപ്പെട്ട കുട്ടികൾക്ക് പിഴയും വിധിക്കാറുണ്ട്. |
| (സി) | 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ഏതെങ്കിലും സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ലഹരി പിടിച്ചെടുത്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞ കേസുകളിൽ ഉൾപ്പെട്ട കുട്ടികളുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | 2016 ജൂൺ 1 മുതൽ നാളിതുവരെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ലഹരി വസ്തുക്കൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 69 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസുകളിൽ ഉൾപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് ജുവനൈൽ ജസ്റ്റിസ് ബോർഡ് നിർദ്ദേശിച്ചതിൻ പ്രകാരം എക്സൈസ് വകുപ്പ് കൗൺസിലിംഗ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ